(ഡി) വഖഫ് അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിന് 8,21,645,26 രൂപ ചെലവ് വന്നിട്ടുണ്ട്.

(ഇ) കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്ന ചെയർമാന്റെ കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് നടത്തണമെന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി എറണാകുളത്തെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വഖഫ് അന്വേഷണ കമ്മീഷനിലെ അംഗങ്ങൾ

164 (6082) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് അന്വേഷണകമ്മീഷനിലെ എൻക്വയറി കമ്മീഷണർ, മെമ്പർ സെക്രട്ടറി എന്നിവർ ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ മെമ്പർസെക്രട്ടറി ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് വഹിച്ചിരുന്ന പദവിയും ഈ സർക്കാർ കാലത്ത് വഹിച്ചിരുന്ന പദവികളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) അദ്ദേഹത്തിന് സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചശേഷം കരാർ അടിസ്ഥാനത്തിലും സ്പെഷ്യൽ ഓഫീസറായും ഏതെല്ലാം പദവികൾ നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വഖഫ് എൻക്വയറി കമ്മീഷൻ ചെയർമാൻ റിട്ടയേർഡ് ജില്ലാ ജഡ്ജ് ശ്രീ. എം. എ. നിസ്സാർ, മെമ്പർ സെക്രട്ടറി ശ്രീ. അബൂബക്കർ ചേങ്ങാട്ട് എന്നിവരായിരുന്നു.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

വഖഫ് ബോർഡ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ക്രമക്കേടുകൾ

165 (6083) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ക്രമക്കേടുകൾ ഉണ്ടെന്ന അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly